**JAGRATHA 082**

Vol-3, N0:8
02-02-2009

*Kerala Catholic Bishops' Council's*

***Commission for Social Harmony and Vigilance***

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com
(For Private Circulation Only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## നിയമപരിഷ്ക്കരണ സമിതിയുടെ ശിപാർശകൾക്കെതിരെ വ്യാപക പ്രതിഷേധം. പ്രതികരണങ്ങളിലൂടെ... (ഭാഗം-II)

### 01. ചൈനയിലേതുപോലെ കേരളത്തിലും ക്രൈസ്തവ സഭയ്ക്ക് കൂച്ചുവിലങ്ങിടാൻ ശ്രമം: മാർ ആൻഡ്രൂസ് താഴത്ത്

ചൈനയിലേതുപോലെ കേരളത്തിലും ക്രൈസ്തവസഭയ് ക്ക് കൂച്ചുവിലങ്ങിടാൻ ശ്രമം നടത്തുകയാണെന്ന് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്. ഇതിന്റെ ഭാഗമാണ് നിയമപരിഷ്കരണസമിതി ശിപാർശകളെന്നും അദ്ദേഹം കുറ്റപ്പെടുത്തി. നിയമപരിഷ്കരണസമിതി ശിപാർശകൾക്കെതിരെ അതിരൂപതയിലെ അല്മായ സംഘടനകളുടെ നേതൃത്വത്തിൽ കളക്ടറേറ്റിനു മുന്നിൽ നടത്തിയ ഉപവാസപ്രാർഥനായജ്ഞം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ആർച്ച് ബിഷപ്. സഭയുടെ വിശ്വാസപ്രവർത്തനങ്ങളെ തകർക്കാനും രാഷ്ട്രീയവത്കരിക്കാനും സഭാസ്വത്തുക്കൾ രാഷ്ട്രീയക്കാരുടെ കൈപ്പിടിയിലാക്കാനുമുള്ള ഗൂഢശ്രമമാണ് നിയമപരിഷ്കരണസമിതിയുടെ ശിപാർശകൾക്കുപിന്നിൽ. ശിപാർശകൾ ആർക്കുവേണ്ടിയാണോ നടപ്പാക്കുന്നത് ആ സമുദായത്തിന്റെ വിശ്വാസികളായ പ്രതിനിധികൾ ആരുംതന്നെ ഈ സമിതിയിലില്ലെന്നത് ശ്രദ്ധേയമാണ്. ഭൗതിക വാദത്തിന്റെ നിഴലുകൾ ഈ ശിപാർശകളിൽ കാണുന്നുണ്ട്. ഒരു ഹിഡൻ അജൻഡ ഇതിനുപിന്നിലുണ്ടോയെന്നും സംശയിക്കേണ്ടിയിരിക്കുന്നു. ഈ പരിഷ്കരണങ്ങളെ ശക്തമായി എതിർ ക്കും. ഭരണഘടനയുടെ അന്തഃസത്തയെത്തന്നെ ഹനിക്കുന്ന തരത്തിലുള്ള നിർദേശങ്ങളാണ് കമ്മിറ്റി നിർദേശങ്ങളിലുള്ളതെന്നും അദ്ദേഹം കുറ്റപ്പെടുത്തി

### 02. കെസിബിസി പ്രോ-ലൈഫ് സമിതി പ്രതിഷേധ റാലി നടത്തി

മനുഷ്യന്റെ ജീവനും മഹത്വവും അവകാശങ്ങളും നിഷേധിക്കുന്ന തരത്തിൽ ജസ്റ്റീസ് വി.ആർ കൃഷ്ണയ്യരുടെ നേതൃത്വത്തിലുള്ള നിയമ പരിഷ്കരണ സമിതി നൽകിയ ശിപാർശകൾ തള്ളിക്കളയണം എന്നാവശ്യപ്പെട്ട് കെസിബിസി ഫാമിലി കമ്മീഷന്റെ കീഴിലുള്ള അഖില കേരളാ പ്രോ-ലൈഫ് സമിതി കൊച്ചിയിൽ പ്രതിഷേധ റാലിയും സമ്മേളനവും നടത്തി. ദയാവധം നിയമവിധേയമാക്കുക, ആത്മഹത്യ കുറ്റകരമല്ലാതാക്കുക, രണ്ടിൽ കൂടുതൽ കുട്ടികൾ പാടില്ല, വിവാഹ ഉടമ്പടികളുടെ ആധ്യാത്മിക ചൈതന്യം നഷ്ടപ്പെടുത്തുന്ന തരത്തിലുള്ള ഭേദഗതി എന്നിവക്കെല്ലാമുള്ള നിർദേശങ്ങൾ ശിപാർശയിലുണ്ട്.

ഇവ തികച്ചും അപകടകരവും സ്വേച്ഛാപരവും മരണ സംസ്കാരത്തിനു വഴിയൊരുക്കുന്നതുമാണെന്ന് പ്രോ-ലൈഫ് സമിതി പ്രസിഡന്റ് റവ.ഡോ. ജോസ് കോട്ടയിൽ പറഞ്ഞു. നൂറ്റാണ്ടുകളായി ഭാരതസംസ്കാരം പവിത്രമെന്ന് കരുതിപ്പോരുന്ന പല മൂല്യങ്ങളും നഷ്ടപ്പെടുത്താനുള്ള ബോധപൂർവമായ ശ്രമത്തിന്റെ ഭാഗമായാണ് പുതിയ നിയമ നിർദേശങ്ങൾ. സംസ്ഥാനതലത്തിൽ പ്രതീകാത്മകമായി നടത്തിയ റാലിയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ പ്രോ-ലൈഫ് സമിതി പ്രവർത്തകർ, ആറിൽ കൂടുതൽ കുട്ടികളുള്ള കുടുംബങ്ങൾ, വികലാംഗർ, വൃദ്ധർ തുടങ്ങിയവർ പങ്കെടുത്തു. നിയമ നിർദേശങ്ങൾ സർക്കാരിന് സമർപ്പിച്ച അതേദിവസം അതേസമയത്ത് തന്നെ ഹൈക്കോടതി ജംഗ്ഷനിൽ നടത്തിയ പ്രതിഷേധ സമ്മേളനം ഏബ്രഹാം പുത്തൻകുളം ഉദ്ഘാടനം ചെയ്തു. റവ.ഡോ. ജോസ് കോട്ടയിൽ പ്രസംഗിച്ചു. കേരളത്തിലെ എല്ലാ രൂപതകളിലും പ്രതിഷേധ റാലികളും സമ്മേളനങ്ങളും നടത്തിയതായി പ്രോ-ലൈഫ് സമിതി വ്യക്തമാക്കി.

## 03. നിർഭയമായി ജീവിക്കുവാൻ അനുവദിക്കുക: റവ. ഡോ. സൈറസ് വേലംപറമ്പിൽ

നിയമപരിഷ്ക്കരണ കമ്മീഷൻ തയാറാക്കി ഗവണ്മെ ന്റിന് സമർപ്പിച്ച ശുപാർശകളിൽ പലതും കേരളജനതയ്ക്ക് വളരെ ആശങ്കയുളവാക്കുന്നതാണെന്ന് കെസിബിസി ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഡോ. സൈറസ് വേലംപറമ്പിൽ. ജീവനും സ്വത്തിനും സംരക്ഷണം നൽകി നാട്ടിൽ ക്രമസമാധാനം ഉറപ്പുവരുത്തി, മനുഷ്യജീവിതം സമാധാനപൂർണമാക്കേണ്ട ഒരു ഗവണ്മെന്റ് തന്നെ ജനങ്ങൾക്ക് ആശങ്ക നൽകുന്ന നിയമനിർമാണത്തിലേക്ക് പോകുന്നത് അപകടകരമാണ്. നിർദിഷ്ട കരടുബില്ലിൽ നിർദേശിക്കുന്ന ദയാവധം, ആത്മഹത്യ, കുട്ടികളുടെ എണ്ണം, വിവാഹം തുടങ്ങിയവയിൽ, മാനുഷികമൂല്യങ്ങൾ കാറ്റിൽ പറത്തിക്കൊണ്ട് നിയമനിർമാണം നടത്തുന്നത് രാജ്യത്ത് അരാജകത്വവും അരക്ഷിതാവസ്ഥയും സൃഷ്ടിക്കും. വാർധക്യത്തിലെത്തിയവരെയും തീരാരോഗികളെയും ദയാവധത്തിന് വിധേയരാക്കണമെന്ന് പറയുന്ന രാഷ്ട്രീയക്കാർ പ്രായപൂർത്തിയായാൽ രാഷ്ട്രീയത്തിൽ നിന്ന് വിരമിക്കുമോയെന്ന് ഫാ.സൈറസ് ചോദിച്ചു. ജനപ്രതിനിധികൾക്ക് നിർദിഷ്ടവിദ്യാഭ്യാസയോഗ്യത നിർബന്ധമെന്ന് നിയമനിർമാണം നടത്തുമോയെന്ന് വ്യക്തമാക്കാൻ ധൈര്യമുണ്ടോയെന്ന് റവ.ഡോ .സൈറസ് ആവശ്യപ്പെട്ടു.പൊതുജനങ്ങളുടെ പാർട്ടികൾ എന്ന് അഭിമാനിക്കുമ്പോൾതന്നെ മാർക്സിസ്റ്റുപാർട്ടിയുടെ സ്വത്ത് കൈകാര്യം ചെയ്യുവാൻ ഒരു കോൺഗ്രസുകാരനേയോ, തിരിച്ചോ അവർ സ്വാഗതം ചെയ്യുമോയെന്നും അദ്ദേഹം ചോദിച്ചു. കേരളജനതയ്ക്ക് അടിയന്തരപ്രാധാന്യമുള്ള ജനോപകാരപ്രദങ്ങളായ വിദ്യുച്ഛക്തി, റോഡുകൾ, വിദ്യാഭ്യാസം, തൊഴിലുകൾ, കൃഷി, ആരോഗ്യം, ഐ.റ്റി., തുടങ്ങിയ മേഖലകളിൽ സർക്കാരിന് ധാരാളം പ്രവർത്തിക്കാനുള്ളപ്പോൾ, കുളം കലക്കി മീൻ പിടിക്കുന്ന വിലകുറഞ്ഞ രാഷ്ട്രീയതന്ത്രം പയറ്റുന്നത് ജനാധിപത്യമര്യാദയ്ക്ക് ചേർന്നതല്ല. ഇപ്രകാരമൊരു നിയമനിർമാണം വിശ്വാസം സംരക്ഷിക്കുകയും ജീവിക്കുകയും ചെയ്യുന്ന യഥാർഥ വിശ്വാസുകളുടെ ഭാഗത്തുനിന്നും ആവശ്യമുണ്ടായിട്ടില്ല. ഒരു പ്രത്യേക സമുദായത്തെ മാത്രം തിരഞ്ഞെടുത്ത്, അവരെ നന്നാക്കാനെന്ന വ്യാജേന നിയമനിർമാണം നടത്താൻ മുതിരുന്ന ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിന്റെ മുമ്പിൽ ജനങ്ങൾക്ക് വയ്ക്കാനുള്ള ശുപാർശ നിർഭയമായി ജീവിക്കുവാൻ മനുഷ്യനെ അനുവദിക്കുകയെന്നതാണ്. അഴിമതി വിമുക്ത, ക്രിയാത്മകഭരണത്തിന് നേതൃത്വം നൽകി, മേല്പറഞ്ഞ മേഖലകളിൽ ജനോപകാരപ്രദമായ ഭരണനടപടികൾ സ്വീകരിച്ച്, ജനജീവിതം സന്തോഷപ്രദമാക്കുകയാണ് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

## 04. നിയമപരിഷ്കരണ സമിതിയുടെ ശിപാർശകൾ തള്ളിക്കളയണമെന്ന് യുവദീപ്തി

ദയാവധം അനുവദിക്കുക, കുട്ടികളുടെ എണ്ണം നിയന്ത്രിക്കുക, ക്രൈസ്തവ സഭയുടെ സ്വത്തും സ്ഥാപനങ്ങളും ഭരണഘടനാവിരുദ്ധമായി നിയന്ത്രിക്കുക തുടങ്ങിയവ ഉൾക്കൊള്ളുന്ന നിയമപരിഷ്കരണ സമിതിയുടെ ശിപാർശകൾ സർക്കാർ തള്ളിക്കളയണമെന്ന് രൂപത യുവദീപ്തി - കെ.സി.വൈ.എം ആവശ്യപ്പെട്ടു.ദയാവധം കൊലപാതകം തന്നെയാണെന്നാണ് കത്തോലിക്ക സഭയുടെ നിലപാട്. തന്റെ ആയുസ് അവസാനിക്കുന്നതുവരെ ലോകത്തിൽ ജീവിക്കാനുള്ള അവകാശമാണ് ദയാവധം നിയമംമൂലം അനുവദിച്ചാൽ തള്ളിക്കളയുന്നത്. രണ്ടിൽകൂടുതൽ കുട്ടികളുള്ളവർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് നീതി നിഷേധവും മനുഷ്യാവകാശ ലംഘനവുമാണ്. വിശ്വാസത്തിന്റെ നേരേയുള്ള കടന്നുകയറ്റമായ നിയമ പരിഷ്കരണ സമിതിയുടെ ശിപാർശകൾക്കെതിരേ പ്രക്ഷോഭം സംഘടിപ്പിക്കാനും യോഗം തീരുമാനിച്ചു.

നിയമപരിഷ്കരണ സമിതിയുടെ നിർദേശപ്രകാരം സർക്കാർ നിയമമാക്കാൻ തയാറാക്കിയിരിക്കുന്ന കരടു ബില്ലുകൾ യുക്തിരഹിതവും മനുഷ്യാവകാശ ലംഘനവുമാണെന്ന് ഫൊറോന പിതൃവേദി, മാതൃജ്യോതിസ് എക്സിക്യൂട്ടീവ് യോഗം ആരോപിച്ചു. ധാർമികതയുടെ നിഴൽപോലുമില്ലാതെ തയാറാക്കിയിരിക്കുന്ന ശിപാർശകളിൽ യോഗം ആശങ്ക രേഖപ്പെടുത്തി.

## 05. കൊല്ലം രൂപതയിൽ പ്രതിഷേധ സമരം ശക്തിപ്പെടുത്തും: കെ.എൽ.സി.എ

ജീവന് എതിരായ നിയമ പരിഷ്കരണ സമിതിയുടെ ശുപാർശകൾ സർക്കാരിനു സമർപ്പിക്കുന്ന ദിവസം കൊല്ലം രൂപതയിൽ പ്രതിഷേധ ദിനമായി ആചരിക്കുവാനും സമര പരിപാടികൾ ശക്തമാക്കുവാനും കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ കൊല്ലം രൂപത കമ്മിറ്റി തീരുമാനിച്ചു. കറുത്ത ബാഡ്ജുകൾ ധരിച്ച് ഇടവകകളിൽ അൽമായ സംഘടനകളുടെ നേതൃത്വത്തിൽ പ്രതിഷേധ യോഗം നടത്തി. കൊല്ലം ചിന്നക്കടയിൽ രാവിലെ ഒമ്പതു മുതൽ സമുദായ നേതാക്കളുടെ നേതൃത്വത്തിൽ ഉപവാസ ധർണ നടത്തി.

## 06. ശിപാർശകൾ അസ്വീകാര്യം: വിജയപുരം അൽമായ ഫോറം

മനുഷ്യാവകാശങ്ങൾക്കും ധാർമിക മൂല്യങ്ങൾക്കും നിരക്കാത്തതാണു നിയമപരിഷ്കരണ സമിതിയുടെ പല നിർദേശങ്ങളുമെന്ന് കെ.ആർ.എൽ.സി.ബി. സി വിജയപുരം അൽമായ ഫോറം. വിമലഗിരി പാസ്റ്ററൽ സെന്ററിൽ കെ.എൽ.സി.എ രൂപതാ പ്രസിഡന്റ് പി.എസ്. ആന്റണിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം ഒരു പ്രമേയത്തിലൂടെ ശുപാർശകൾ തള്ളിക്കളയണമെന്നു സർക്കാരിനോട് അഭ്യർഥിച്ചു. രൂപതാതലത്തിൽ സമരപരിപാടികൾ ആരംഭിക്കാനും കെ.സി.ബി.സിയുടെ സമരപരിപാടികൾക്കു പിന്തുണ നൽകാനും യോഗം തീരുമാനിച്ചു.

## 07. പള്ളി സ്വത്ത് കൈകാര്യം ചെയ്യുന്നവർ അൽമായർ: മാർ പാസ്റ്റർ നീലങ്കാവിൽ

ഇടവകപള്ളികളിലെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന്റെ മുഖ്യ ചുമതലക്കാർ അൽമായർതന്നെയാണെന്നും അതിനാലാണ് അവരെ കൈക്കാരന്മാരെന്നു വിളിക്കുന്നതെന്നും ബിഷപ്പ് മാർ പാസ്റ്റർ നീലങ്കാവിൽ അഭിപ്രായപ്പെട്ടു. അതിനാൽ ക്രൈസ്തവസഭയെ സംബന്ധിച്ച ഗവൺമെന്റിന്റെ നിയമഭേദഗതി നിർദേശം തള്ളിക്കളയേണ്ടതാണ്.

## 08. നിയമപരിഷ്കരണ ബിൽ: പ്രതിപക്ഷം നിലപാട് വ്യക്തമാക്കണം – കെ.സി.വൈ.എം

സർക്കാരിന്റെ പുതിയ നിയമപരിഷ്കരണത്തിനെതിരേ കെ.സി.വൈ.എം. പാലാ രൂപത പ്രതിഷേധിച്ചു. ദയാവധം അനുവദിക്കുക, ആത്മഹത്യ കുറ്റവിമുക്തമാക്കുക, കുഞ്ഞുങ്ങളുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്തുക, സഭാസ്വത്തുക്കൾ സർക്കാരിന്റെ കീഴിലുള്ള ട്രസ്റ്റിന്റെ കീഴിലാക്കുക തുടങ്ങിയ അപക്വവും കിരാതവും അശാസ്ത്രീയവുമായ നിയമപരിഷ്കരണങ്ങൾ നടപ്പിലാക്കാനുള്ള സർക്കാരിന്റെ നിലപാട് ഉടൻ പിൻവലിക്കണമെന്ന് കെ.സി.വൈ.എം. രൂപതാസമിതി ആവശ്യപ്പെട്ടു. ഇത്തരം നിയമ പരിഷ്കരണങ്ങൾ കുടുംബഭദ്രതയേയും ക്രൈസ്തവമൂല്യങ്ങളെയും വിശ്വാസത്തെയും തകർക്കുന്നവയാണെന്നും നിലപാടിൽനിന്നു സർക്കാർ പിന്മാറുന്നതുവരെ കെ.സി.വൈ.എം. ശക്തമായ സമരപരിപാടികൾ തുടരും. സഭയുടെ സ്വത്തും കുടുംബബന്ധങ്ങളെയും തകർക്കുന്ന ഒരു നിയമപരിഷ്കരണവും അനുവദിക്കില്ലെന്നും സമിതി പറഞ്ഞു. സർക്കാരിന്റെ പുതിയ നിയമ പരിഷ്കരണത്തിനെതിരേ പ്രതിപക്ഷം മൗനം പാലിക്കുകയാണെന്നും അവരുടെ നിലപാട് വ്യക്തമാക്കണമെന്നും രൂപതാനേതൃത്വം ആവശ്യപ്പെട്ടു.

## 09. അധാർമിക നിയമങ്ങളെ ചെറുത്തു തോൽപ്പിക്കും: ഫാമിലി അപ്പോസ്തലേറ്റ്

കേരള നിയമ പരിഷ്കരണ സമിതി സർക്കാരിനു സമർപ്പിച്ച നിർദേശങ്ങളിൽ കോതമംഗലം രൂപത ഫാമിലി അപ്പോസ്തലേറ്റ് ജനറൽബോഡി പ്രതിഷേധിച്ചു. മനസാക്ഷിക്കു വിരുദ്ധവും ഈശ്വരവിശ്വാസത്തെ തകർക്കുന്നതും ധാർമികതയെ ശിഥിലമാക്കുന്നതുമായ നിയമങ്ങൾ മനുഷ്യത്വത്തെ ചോദ്യം ചെയ്യുന്നതും ഭാവി തലമുറയെ ധാർമിക പാപ്പരത്വത്തിലേക്ക് നയിക്കുന്നതുമാണെന്ന് യോഗം വിലയിരുത്തി. ദയാവധം, ആത്മഹത്യ എന്നിവയെക്കുറിച്ചുള്ള നിർദേശങ്ങൾ, ചർച്ച് ട്രസ്റ്റ്, സന്താനനിയന്ത്രണം, ക്രിസ്ത്യൻ വിവാഹം എന്നിവ സംബന്ധിച്ച ബില്ലുകൾ തുടങ്ങിയവ വഴി ഇടതുരാഷ്ട്രീയ അജണ്ട നടപ്പാക്കാനുള്ള നീക്കത്തെ എന്തു വിലകൊടുത്തും ചെറുക്കും.